"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തൃശ്ശൂർ നഗരസഭയിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എ.എസ്.ഷിബു അഹമ്മദ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ515/2020 നമ്പർ കേസിലെ 12.03.2020തീയതിലെ വിധിന്യായം - നടപ്പിലാക്കി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1980/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/10/2021

---

പരാമർശം:-

1. 24.01.2020-തീയതിയിലെ സ.ഉ(സാധാ)നം 194/2020/തസ്വഭവ
2. ശ്രീ. എ.എസ്.ഷിബു അഹമ്മദ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ515/2020 നമ്പർ കേസിലെ 12.03.2020തീയതിലെ വിധിന്യായം
3. 01.02.2021 തീയതിയിലെ സ.ഉ.(സാധാ)നം.275/2021/തസ്വഭവ
4. നഗരകാര്യഡയറക്ടറുടെ 03.06.2021തീയതിയിലെ വി1-23892/2019നമ്പർ ഉത്തരവ്.
5. ശ്രീ. എ.എസ്.ഷിബു അഹമ്മദ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത സി.പി(സി).50/2021 നമ്പർ കേസിലെ 12.08.2021തീയതിലെ ഇടക്കാല ഉത്തരവ്.
6. 12.10.2021തീയതിയിലെ സ.ഉ.(സാധാ)നം1979/2021/തസ്വഭവ

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ നെടുമങ്ങാട് നഗരസഭയിൽ ഹെഡ്ക്ളാർക്ക്/ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എ.എസ്. ഷിബു അഹമ്മദ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 50(2)പ്രകാരം സിദ്ധിച്ചിട്ടുള്ള ഡെലിഗേഷൻ അനുസരിച്ച് പ്രവർത്തിക്കുന്നില്ലെന്നും നികുതിപരിഷ്കരണ സത്വരനടപടികൾ കൈക്കൊണ്ട് നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് തൃപ്തികരമായി പ്രവർത്തിക്കുന്നില്ലെന്നും അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്നു എന്നും മാതൃകാപരമായി പെരുമാറുന്നില്ലെന്നും ആരോപിച്ച് നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ 24.7.2019-ലെ ജി1-3666/11 നം ഉത്തരവ് നടപടികൾ പ്രകാരം ടിയാനെ 24.07.2019 അപരാഹ്നം മുതൽ സേവനത്തിൽനിന്നും സസ്പെൻഡ് ചെയ്തിരുന്നു.

2. മേൽ ഉത്തരവിനെതിരെ ശ്രീ. എ.എസ്.ഷിബു അഹമ്മദ്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച OA 2276/2019 നമ്പർ കേസിലെ 15.11.2019 ലെ ഉത്തരവുപ്രകാരം, ശ്രീ. എ.എസ്.ഷിബു അഹമ്മദ്, സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 17.9.2019 തിയതിയായ അപേക്ഷ (അനക്ഷർ A8) പരിശോധിച്ച്, കോടതി ഉത്തരവ് ലഭിച്ച് 2 മാസത്തിനകം ടിയാനെ കേട്ടതിനുശേഷം ടിയാനെ സസ്പെൻഷനിൽ നിലനിർത്തേണ്ട സാഹചര്യമുണ്ടോ എന്ന് പരിശോധിക്കണമെന്നും, ഇല്ലയെന്നാണ് കണ്ടെത്തുന്നതെങ്കിൽ ടിയാനെ സർവ്വീസിൽ പുന.പ്രവേശിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കണമെന്നും നിർദ്ദേശം നൽകിയിരുന്നു.

3. ബഹു. ട്രിബ്യൂണൽ-ന്റെ 15.11.2019 ലെ ഉത്തരവിലെ നിർദ്ദേശപ്രകാരം അപേക്ഷകനെ നേരിൽകേട്ടതിന്റേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുകയും നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ 07.01.2020-ലെ ജി1-3666/11 നം ഉത്തരവ് നടപടികൾ പ്രകാരം, ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് ഉത്തരവായിട്ടുണ്ട് എന്ന നഗരകാര്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, അനക്ഷർ-എ8 പ്രകാരം ശ്രീ. എ.എസ്.ഷിബു അഹമ്മദ് സമർപ്പിച്ച പരാതി പരിഹരിക്കപ്പെട്ടതിനാൽ ടിയാൻ സമർപ്പിച്ച അനക്ഷർ-എ8 തീർപ്പാക്കിയും അപ്രകാരം ടിയാൻ ഫയൽ ചെയ്ത OA 2276/2019 -ൻമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.11.2019-ലെ വിധിന്യായം നടപ്പിലാക്കിയും പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. കൂടാതെ നെടുമങ്ങാട് നഗരസഭയിൽ നിന്നും സ്ഥലംമാറ്റം അനുവദിക്കണമെന്നുള്ള ശ്രീ. എ.എസ്.ഷിബു അഹമ്മദിന്റെ അപേക്ഷ നിലവിലെ കൃലിസ്റ്റ് പ്രകാരം പരിശോധിച്ച് നടപടി സ്വീകരിക്കുവാനും ഉത്തരവായിരുന്നു.

4. തുടർന്ന്, തൃശ്ശൂർ നഗരസഭയിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എ.എസ്.ഷിബു അഹമ്മദ്, നെടുമങ്ങാട് നഗരസഭാസെക്രട്ടറിയുടെ 07.01.2020ലെ ജി-3666/11 നമ്പർ ഉത്തരവ് നടപടികൾ പ്രകാരം, ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ചതിനെതിരെയും ടിയാനെതിരെയുള്ള അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷക്കാലത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയതിനെതിരെയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA No.515/2020 ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ ഉത്തരവുപ്രകാരം, ശ്രീ. എ.എസ്.ഷിബു അഹമ്മദ്, സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 31.01.2020 തിയതിയായ അപ്പീൽ അപേക്ഷ(A16) യിന്മേൽ, കോടതി ഉത്തരവ് ലഭിച്ച് 6 ആഴ്ചക്കകം, ടിയാനെ കേട്ടതിനുശേഷം, നിയമാനുസൃതമായ തീരുമാനം കൈകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു.

5. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശപ്രകാരം, 23.10.2020-ന് രാവിലെ 11.30 -ന് ശ്രീ. എ.എസ്.ഷിബു അഹമ്മദിനെ നേരിൽ കേൾക്കുകയും, നേരിൽ കേട്ട സമയത്തെ ടിയാന്റെ വാദങ്ങളുടേയും, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ മേൽ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും, ശ്രീ.എ.എസ്.ഷിബു അഹമ്മദിനെ സർവ്വീസിൽ പുന.പ്രവേശിപ്പിച്ചു കൊണ്ടും സസ്പെൻഷൻ കാലയളവ് ക്രമവത്ക്കരിച്ചുകൊണ്ടും ശിക്ഷണനടപടികൾ ഏർപ്പെടുത്തിക്കൊണ്ടും പുറപ്പെടുവിച്ച നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ 7.01.2020-ലെ ജി1-3666/11 നം ഉത്തരവ് നടപടികൾക്കെതിരെ നഗരകാര്യഡയറക്ടർ മുമ്പാകെ ടിയാൻ 16.01.2020-തീയതിയായി അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത അപ്പീൽ അപേക്ഷ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ടും, OA No.515/2020-നുമേൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും

പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

6. മേൽ സർക്കാർ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ ശ്രീ.എ.എസ്.ഷിബു അഹമ്മദിന്റെ അപ്പീൽ അപേക്ഷ, നെടുമങ്ങാട് നഗരസഭസെക്രട്ടറിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരിശോധിക്കുകയും, ടിയാൻ നഗരകാര്യ ഡയറക്ടർ മുമ്പാകെ 16.01.2020-തീയതിയായി സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ വാദങ്ങൾ വസ്തുതപരമല്ലാത്തതായും കാലിക പ്രസക്തിയില്ലാത്തതായും കണ്ടതിനാൽ നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ ശരിവച്ചും ശിക്ഷാ നടപടികൾ നിലനിർത്തിയും ശ്രീ. എ.എസ്.ഷിബു അഹമ്മദ് ,ഹെഡ് ക്ളാർക്കിന്റെ സസ്പെൻഷൻ കാലയളവ് ക്രമവത്ക്കരിക്കുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് നഗരസഭതലത്തിൽ ആയതിനാൽ നെടുമങ്ങാട് നഗരസഭസെക്രട്ടറിക്ക് നിർദ്ദേശം നൽകിയും, നഗരകാര്യ ഡയറക്ടറുടെ 03.6.2021-ലെ വി1-23892/2019 നം ഉത്തരവ് നടപടികൾ പ്രകാരം ടിയാന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവായിരുന്നു. കൂടാതെ ടിയാന്റെ ശമ്പളത്തിൽനിന്നും റിക്കവറി നടത്തിയിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് അടവാക്കിയിട്ടുള്ളതായി ഉറപ്പുവരുത്തുന്നതിനും നെടുമങ്ങാട് നഗരസഭസെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

7. OA No.515/2020-നമേൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ വിധിന്യായം നടപ്പിലാക്കിയിട്ടില്ലായെന്ന പരാതിയുമായി ശ്രീ.എ.എസ്.ഷിബു അഹമ്മദ്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സി.പി.(സി)നം 50/2021 ഫയൽ ചെയ്തു. പ്രസ്തുത കേസ് ബഹു. ട്രിബ്യൂണൽ പരിഗണിക്കുകയും സി.പി.(സി)നം 50/2021 -യിലെ Annexure P3 ആയ 01.02.2021-ലെ സ.ഉ(സാധാ)നം. 275/2021/തസ്വഭവ- ഉത്തരവും, തുടർന്നുള്ള നഗരകാര്യ ഡയറക്ടറുടെ 03.6.2021-ലെ വി1-23892/2019 നം ഉത്തരവ് നടപടികളും OA No.515/2020 -ന്മേൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ ഉത്തരവുപ്രകാരമല്ല പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് അഭിപ്രായപ്പെടുകയും ആയതിനാൽ ടി.ഉത്തരവുകൾ റദ്ദാക്കുവാനും OA No.515/2020 -ന്മേൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ ഉത്തരവുപ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുവാനും പരാമർശം 5 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ പരാമർശം 6 പ്രകാരം അനക്ഷർ പി3 ആയ 01.02.2021 തീയതിയിലെ സ.ഉ.(സാധാ)നം.275/2021/തസ്വഭവ-റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചു.

8. ബഹു. ട്രിബ്യൂണലിന്റെ മേൽ നിർദ്ദേശപ്രകാരം ശ്രീ. എ.എസ്.ഷിബു അഹമ്മദിന്റെ അപ്പീൽ അപേക്ഷ നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശപ്രകാരം, 23.10.2020-ന് ശ്രീ. എ.എസ്.ഷിബു അഹമ്മദിനെ നേരിൽ കേട്ട സമയത്തെ ടിയാന്റെ വാദങ്ങൾ പ്രകാരം, നഗരകാര്യഡയറക്ടറുടെ 17.01.2020-ലെ ഇ6-418/2020-ലെ ഉത്തരവ് പ്രകാരം ടിയാനെ നെടുമങ്ങാട് നഗരസഭയിൽനിന്നും തൃശ്ശൂർ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റിയിരുന്നു എന്നും തുടർന്ന് 03.07.2020-മുതൽ ടിയാൻ തിരുവനന്തപുരം നഗരസഭയിൽ ജോലി ചെയ്തുവരുന്നു എന്നും അറിയിച്ചു. കൂടാതെ OA 515/2020-നമേൽ ബഹു. ട്രിബ്യൂണലിന്റെ 12.3.2020-ലെ ഉത്തരവിലെ നിർദ്ദേശം മറികടന്ന് പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെ 14.10.2020-ന് രാവിലെ 11 am-ന് നേരിൽ കേൾക്കുന്നതിന് നെടുമങ്ങാട് നഗരസഭസെക്രട്ടറി 29.9.2020-ലെ G1/3666/17 നം നോട്ടീസ് ടിയാന് അയച്ചുനൽകിയിട്ടുണ്ട് എന്നും എന്നാൽ ടി തിയതിയ്ക്ക് നെടുമങ്ങാട് നഗരസഭസെക്രട്ടറിയെ നെടുമങ്ങാടുനിന്നും ചെങ്ങന്നൂർ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റിയതിനാലാണ് ആയത് നടപ്പിലാകാതെ പോയത് എന്നും ശ്രീ.ഷിബു അഹമ്മദ് അറിയിച്ചു. ടിയാനെതിരെയുള്ള എല്ലാ ആരോപണങ്ങളും ടിയാൻ നിഷേധിക്കുകയും ടിയാന്റെ

ഭാഗം കേൾക്കാതെയും ഫയലുകൾ പരിശോധിക്കാതെയുമാണ് നെടുമങ്ങാട് നഗരസഭസെക്രട്ടറിയുടെ 07.01.2020-ലെ ജി1-3666/11 നം ഉത്തരവ് പ്രകാരം തീരുമാനം കൈകൊണ്ടിട്ടുള്ളത് എന്നും ആയതിനാൽ ടി. ഉത്തരവിലെ ശിക്ഷണനടപടികൾ പുന:പരിശോധിക്കണമെന്നും ടിയാന്റെ നിയമ വിരുദ്ധമായ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമവൽക്കരിച്ചും ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷക്കാലത്തേയ്ക്ക് തടഞ്ഞുകൊണ്ടുള്ള നഗരസഭസെക്രട്ടറിയുടെ ഉത്തരവ് നടപടികൾ റദ്ദാക്കണമെന്നും അപേക്ഷിച്ചുകൊണ്ട് നഗരകാര്യഡയറക്ടർക്ക് 16.01.2020-ൽ അപ്പീൽ അപേക്ഷ നൽകിയിരുന്നുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നും ആയതിനാൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് നെടുമങ്ങാട് നഗരസഭ സെക്രട്ടറി ടിയാനെതിരെ പുറപ്പെടുവിച്ച ശിക്ഷാനടപടികൾ റദ്ദുചെയ്തുകൊണ്ടും ടിയാന്റെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ചും നിയമാനുസൃതമുള്ള എല്ലാ അവകാശങ്ങളും അനുവദിച്ചും ടിയാന് നിയമാനുസൃതം ലഭിക്കേണ്ട വാർഷിക ഇൻക്രിമെന്റ് അനുവദിച്ചുകൊണ്ടും ഉത്തരവാകണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

9. നഗരകാര്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. എ.എസ്.ഷിബു അഹമ്മദ് 26.6.2019-ന് മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നത് സംബന്ധിച്ച് 27.06.2019-ന് നഗരസഭസെക്രട്ടറി ടിയാനോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നതായും ആയതിന് ടിയാൻ ഇതുവരെ മറുപടി നൽകിയിട്ടില്ലാത്തതും മേലുദ്യോഗസ്ഥരോട് ധിക്കാരപരമായി പെരുമാറിയിട്ടുള്ളതുമാണ് എന്നും നഗരസഭസെക്രട്ടറി ടിയാനെ 24.07.2019-ൽ സസ്പെന്റ് ചെയ്യുകയും 07.01.2020-ന് സസ്പെൻഷൻ പിൻവലിക്കുകയും ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമവത്ക്കരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 17.01.2020 തിയതിയിൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ 17.01.2020-ലെ ജി1/3666/11 നം ഉത്തരവ് പ്രകാരം ടിയാനെ 17.01.2020 പൂർവ്വാഹ്നം മുതൽ ജോലിയിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. നഗരകാര്യ ഡയറക്ടറുടെ 17.01.2020-ലെ ഇ6-418/2020 നം ഉത്തരവ് പ്രകാരം ശ്രീ. എ.എസ്.ഷിബു അഹമ്മദിനെ നെടുമങ്ങാട് നഗരസഭയിൽനിന്നും തൃശ്ശൂർ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുകയും നെടുമങ്ങാട് നഗരസഭസെക്രട്ടറിയുടെ 23.01.2020-ലെ ജി1/415/17 Vol-II നം ഉത്തരവ് പ്രകാരം നെടുമങ്ങാട് നഗരസഭയിൽനിന്നും ടിയാനെ വിടുതൽ ചെയ്തിട്ടുള്ളതുമാണ് എന്നും അറിയിച്ചിരുന്നു.

10. ബഹു. ട്രിബ്യൂണലിന്റെ മേൽ നിർദ്ദേശപ്രകാരം ശ്രീ. എ.എസ്.ഷിബു അഹമ്മദിന്റെ അപ്പീൽ അപേക്ഷ നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ടിയാനെതിരായ നഗരസഭ സെക്രട്ടറിയുടെ ഉത്തരവ് റദ്ദാക്കണമെന്ന അപേക്ഷ പരിഗണനാർഹമല്ലായെന്നതിനാൽ, പ്രസ്തുതനടപടികൾ ശരിവച്ചും ശിക്ഷാ നടപടികൾ നിലനിർത്തിയും ടിയാന്റെ അനക്ഷർ A16 അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

11. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ-ന്റെ 12.03.2020 തീയതിലെ ഉത്തരവിലെ നിർദ്ദേശം മേൽ പറഞ്ഞപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Jaisy Paul

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
ശ്രീ.എ.എസ്.ഷിബു അഹമ്മദ്, ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ, തൃശ്ശൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Granth

സെക്ഷൻ ഓഫീസർ